പത്രക്കുറിപ്പ്
27-9-2018

## കുടുംബശ്രീയുടെ സംഘക്കൃഷി ഗ്രൂപ്പുകൾക്ക് തമിഴകത്തിന്റെ കാരുണ്യമായി നൂറ്റമ്പത് ടൺ ജൈവവളം

.....

തിരുവനന്തപുരം: അപ്രതീക്ഷിതമായെത്തിയ പ്രളയക്കെടുതിയിൽ വ്യാപകമായ കൃഷി നാശവും സാമ്പത്തിക നഷ്ടവും നേരിടേണ്ടി വന്ന കുടുംബശ്രീ സംഘക്കൃഷി ഗ്രൂപ്പ് അംഗങ്ങൾക്ക് സഹായം നൽകാൻ തമിഴകത്തിന്റെ കാരുണ്യം. തമിഴ്നാട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജൈവവള നിർമാണ സ്ഥാപനമായ ശുഭശ്രീ ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് മുപ്പത് ലക്ഷം രൂപയുടെ നൂറ്റി അമ്പത് ടൺ ജൈവവളം കുടുംബശ്രീ വനിതാ കർഷകർക്ക് സൗജന്യമായി നൽകാൻ മുന്നോട്ടു വന്നത്. ഇതിന്റെ ഭാഗമായി കമ്പനിയുടെ മാനേജിങ്ങ് ഡയറക്ടർ എസ്.ദൊരൈരാജു, ഓപ്പറേഷൻസ് വിഭാഗം മേധാവി വി. ക്ലെമന്റ് രാജേഷ്, അഡ്വൈസർ പെച്ചി മുത്തു എന്നിവർ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ഐ.എ.എസ്, പ്രോഗ്രാം ഓഫീസർ ദത്തൻ.സി.എസ് എന്നിവർക്കൊപ്പം കുടുംബശ്രീ സംഘക്കൃഷി ഗ്രൂപ്പുകൾക്കുള്ള ജൈവവള പായ്ക്കറ്റ് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി.

നെല്ല്, പച്ചക്കറികൾ, വാഴ, കിഴങ്ങ് വർഗങ്ങൾ എന്നിവയുൾപ്പെടെ വിവിധ തരത്തിലുള്ള കൃഷികളാണ് സംഘക്കൃഷി ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നടന്നു വരുന്നത്. പ്രധാനമായും ഓണം വിപണി ലക്ഷ്യമിട്ടാണ് കുടുംബശ്രീയുടെ കൃഷികളിലേറെയും. നിലവിൽ പ്രളയക്കെടുതിയെ തുടർന്ന് കൃഷി നശിച്ച് സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന ഏഴായിരത്തിലേറെ വനിതാ കർഷക സംഘങ്ങളിലെ 35000ത്തോളം വനിതാ കർഷകർക്ക് ഇപ്പോൾ ജൈവവളം ലഭ്യമാക്കുന്നത് കാർഷിക പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമാകും. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ കർഷകർക്കാണ് ജൈവവളം നൽകുന്നത്. കുടുംബശ്രീ സംസ്ഥാന ജില്ലാമിഷനിലെ ഉദ്യോഗസ്ഥർക്കൊപ്പം കമ്പനിയുടെ പ്രതിനിധികൾ കൂടി ഓരോ ജില്ലയിലുമെത്തി കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകരുമായി സംവദിച്ചതിന് ശേഷമാണ് ജൈവവളം വിതരണം ചെയ്യുന്നത്. കൂടാതെ കമ്പനിയുടെ മാർക്കറ്റിങ്ങ് ജനറൽ മാനേജരായ കൃഷ്ണമൂർത്തി ജൈവവളത്തിന്റെ പ്രയോജനങ്ങൾ, ഉപയോഗിക്കുന്ന രീതി എന്നിവയെ കുറിച്ച് വനിതാ കർഷകർക്ക് ക്ലാസുകൾ നൽകുന്നുണ്ട്. ഒക്ടോബർ നാലിന് ജൈവവള വിതരണം അവസാനിക്കും.

സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ കുടുംബശ്രീയുടെ 29415 ഏക്കർ സ്ഥലത്തെ കൃഷിക്കും അതുവഴി 25056 വനിതാ കൃഷി സംഘങ്ങൾക്കും വൻതോതിൽ നാശനഷ്ടങ്ങൾ നേരിട്ടിരുന്നു. ഇതുവഴി 197.21 കോടി രൂപയുടെ നഷ്ടമാണ് സംഘക്കൃഷി ഗ്രൂപ്പുകൾക്ക് ഉണ്ടായിട്ടുള്ളത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**(ഫോട്ടോ-അടിക്കുറിപ്പ്:** മുഖ്യമന്ത്രി പിണറായി വിജയന് ശുഭശ്രീ ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് കമ്പനി മാനേജിങ്ങ് ഡയറക്ടർ എസ്.ദൊരൈരാജു കുടുംബശ്രീ വനിതാ സംഘക്കൃഷി സംഘങ്ങൾക്കുള്ള ജൈവവള പായ്ക്കറ്റ് കൈമാറുന്നു. ദത്തൻ.സി.എസ്, പെച്ചി മുത്തു, വി. ക്ലെമന്റ് രാജേഷ്, എസ്.ഹരികിഷോർ ഐ.എ.എസ് എന്നിവർ സമീപം)